മുഖക്കുറിപ്പ്

# വരമൊഴിയുന്നതും;
# മൊഴി വരയുന്നതും ... ....

കവിതയെ വാക്കുകൾ കൊണ്ടുള്ള ചിത്രംവരയെന്നും ചിത്രത്തെ വരകൾ കൊണ്ടുള്ള കവിതയെഴുത്തെന്നും വിശേഷിപ്പിച്ചത് പ്രാചീന ഗ്രീക്ക് എഴുത്തുകാരനായ പ്ലൂട്ടാർക്ക് (Plutarch, AD 46 -120) ആണ്. ഈ വിശേഷണങ്ങളെ അന്വർത്ഥമാക്കും വിധം അനുപമമായ കലാസൃഷ്ടികൾ കൊണ്ട് സമ്പന്നമാണ് വാക്കിന്റെയും വരയുടേയും ലോകം.

സാഹിത്യത്തേയും ചിത്രകലയേയും താരതമ്യം ചെയ്തുകൊണ്ടുള്ള നിരീക്ഷണങ്ങൾ ലോകത്തെല്ലായിടത്തും എന്നതുപോലെ നമ്മുടെ ഭാഷയിലും ഉണ്ടായിട്ടുണ്ട്. സാഹിത്യത്തിന്റെ (വരമൊഴി സാഹിത്യം) ഉത്ഭവത്തിനുതന്നെ കാരണമായത് ചിത്രകലയാണ് (ചിത്രലിപികളിൽ നിന്നാണല്ലോ അക്ഷരമാല ഉണ്ടായത്). എന്നാൽ സാഹിത്യത്തിന് ജനങ്ങളുടെ ഇടയിൽ കിട്ടിയ സ്വീകാര്യത ചിത്രകലയ്ക്കു കിട്ടാതെപോയി. “ഭാരതീയരും കേരളീയരുമായ അഭ്യസ്തവിദ്യരുടെ ദൃഷ്ടികളിൽ പോലും സാഹിത്യവും, ഒരുപക്ഷേ, ദൃശ്യകലയും മാത്രമേ സുന്ദരകലകളായി പരിലസിക്കുന്നുള്ളൂ..... സുന്ദരകലാലോകത്തിലെ മുതലാളികൾ സാഹിത്യകാരന്മാരും അതിലെ തൊഴിലാളികൾ ചിത്രകാരന്മാരും ശില്പികളും നടന്മാരും ഗായകരുമാണ്” (കേസരി ബാലകൃഷ്ണപിള്ള, നവീനചിത്രകല, പുറം 4-5, കേരള ലളിതകലാഅക്കാദമി, തൃശ്ശൂർ 1990) അയ്യായിരം വർഷം പഴക്കമുള്ള സാഹിത്യത്തെച്ചൊല്ലി അഭിമാനിക്കുമ്പോഴും അതിന്റെ നാലിരട്ടി പഴക്കമുള്ള ശിലായുഗ ചിത്രങ്ങൾ വിസ്മരിക്കപ്പെടുന്നു.

സാഹിത്യത്തെ അപേക്ഷിച്ച് ചിത്രകലയ്ക്ക് വന്നുപെട്ട ഈ പതിത്വം നമ്മുടെ കലാചരിത്രത്തിലെ ഒരു വലിയ ദുർവിധിയാണ്. മലയാള ഭാഷയിലെ കലാവിമർശനത്തിന്റെ ചരിത്രം മാത്രം പരിശോധിച്ചാൽ

ഇതിന്റെ ആഴം മനസ്സിലാകും. കേരളത്തിലെ ലോകപ്രശസ്തചിത്രകാരനായ രാജാരവിവർമ്മയുടെ ചിത്രകലാലോകത്തെക്കുറിച്ച് എത്ര പഠന ഗ്രന്ഥങ്ങളുണ്ട് നമ്മുടെ ഭാഷയിൽ? ഒന്നോരണ്ടോ ദശാബ്ദക്കാലം സാഹിത്യരംഗത്ത് 'കഴിച്ചുകൂട്ടി' കടന്നുപോയ ഒരു സാഹിത്യകാരനെക്കുറിച്ചുള്ള പഠനങ്ങളുടെ എണ്ണവും പ്രചാരവുമായി തട്ടിച്ചു നോക്കിയാൽ മനസ്സിലാകും എത്ര പരിമിതമെന്ന്. ചിത്രകലയെ അറിഞ്ഞുള്ള നിരൂപണങ്ങൾ ഭാഷയിൽ പരിമിതമാണെന്ന് ചിത്രകാരനായ നമ്പൂതിരി അഭിപ്രായപ്പെടുന്നു. (ഡോ.എൻ.പി.വിജയകൃഷ്ണൻ, ചിത്രയാത്രകൾ, പുറം 102, മാതൃഭൂമി ബുക്സ് 2014). ഈ മേഖല നമ്മുടെ കലാവിമർശന-പഠന മേഖലകളുടെ സജീവരംഗമായി ഇനിയും മാറിയിട്ടില്ല. ഈ ബോധ്യമാണ് ചിത്രകലാപഠനങ്ങൾകൂടി ഉൾപ്പെടുത്തിയ ഒരു സമാഹാരമായി *മലയാളപ്പച്ച*യുടെ മൂന്നാം ലക്കം ഒരുക്കാൻ പ്രേരണയായത്. ചിത്രകലാരംഗത്ത് മികച്ച സംഭാവനകൾ നൽകിയ സ്ഥലങ്ങളാണ് ഈ കലാലയം സ്ഥിതി ചെയ്യുന്ന പുല്ലൂറ്റ്, കൊടുങ്ങല്ലൂർ പ്രദേശങ്ങൾ. ചിത്രകലയിലെ ഈ പ്രാദേശിക പ്രാതിനിധ്യത്തെ സ്മരിക്കുവാൻകൂടി ഈ അവസരം പ്രയോജനപ്പെടുത്തുന്നു.

വര:

ഇന്ത്യൻ ചിത്രകലയുടെ ചരിത്രത്തിൽ ആധുനികതാപ്രസ്ഥാനത്തിന്റെ ഏറ്റവും മികച്ച പ്രതിനിധികളിലൊരാളായ കെ.സി.എസ്. പണിക്കരുടെ 'മലബാർ കർഷകന്റെ ജീവിതം' (Life of Malabar Peasant) എന്ന ചിത്രത്തെ രാഷ്ട്രീയ അബോധം (Political Unconscious)എന്ന പരികല്പനയെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് പ്രമുഖ ചിത്രകലാനിരൂപകനായ ഡോ. സുനിൽ. പി. ഇളയിടം, 'കെ.സി.എസ് പണിക്കർ കേരളീയതയും ആധുനികതാവിമർശനവും' എന്ന പ്രബന്ധത്തിൽ. പ്രത്യക്ഷതലത്തിൽ രാഷ്ട്രീയവിവക്ഷകളൊന്നുമില്ലാത്ത ഈ ചിത്രം ദേശീയരാഷ്ട്രീയ വ്യവഹാരത്തിന്റെ പ്രത്യയശാസ്ത്രവുമായി ഗാഢമായ ചില ബന്ധങ്ങൾ വച്ചുപുലർത്തുന്നു എന്ന് പ്രബന്ധകാരൻ സമർത്ഥിക്കുന്നു. ചിത്രത്തിന്റെ പ്രതീകം, പ്രമേയം, പരിപ്രേക്ഷ്യം, രൂപം, പ്രത്യയശാസ്ത്രം മുതലായ തലങ്ങളിലൂടെ വിശദമായ ഒരു വിശകലനം ഈ പ്രബന്ധം അവതരിപ്പിക്കുന്നു.

ഇടശ്ശേരിയുടെ 'വയലിന്റെ ചിത്രകാരൻ' എന്ന കവിതയും വാൻഗോഗിന്റെ 'വിതക്കാരൻ' (The Sower) എന്ന ചിത്രവും പല അംശങ്ങളിലും പുലർത്തുന്ന ചാർച്ചയും ചാർച്ചയില്ലായ്മയും കണ്ടെടുക്കുകയാണ് കവി

കൂടിയായ എസ്.ജോസഫ് 'രണ്ട് ചിത്രണങ്ങൾ' എന്ന പഠനത്തിൽ. അറിഞ്ഞോ അറിയാതെയോ വാൻഗോഗുമായി പങ്കിടുന്ന അദ്ഭുതകരമായ അടുപ്പവും 'സ്പഷ്ടമായ വരകളുടെ സാന്നിധ്യ'വും ഇടശ്ശേരിക്കവിതയിൽ കണ്ടെത്തുന്നു ഈ പഠനം.

കെ.ജി.സുബ്രഹ്മണ്യൻ എന്ന പ്രശസ്ത ചിത്രകാരന്റെ കലാദർശനവും അത് രൂപപ്പെടുത്തിയ സാഹചര്യങ്ങളും വിശകലനം ചെയ്യുകയാണ് 'കെ.ജി.എസ് ഇന്ത്യൻ ആധുനിക ചിത്രകലയിലെ രൂപാങ്കരൻ' എന്ന ലേഖനത്തിൽ ഡോ. കവിതാബാലകൃഷ്ണൻ. സാഹിത്യത്തെക്കൂടി പരിഗണിച്ചുകൊണ്ട് രേഖാചിത്രണകലയിലെ അനായകത്വം എന്ന പുതിയ സങ്കല്പനത്തെ വിശകലനവിധേയമാക്കുകയാണ് ഡോ. ജി. ഉഷാകുമാരി 'വാക്കും വരയും അനായകത്വത്തിന്റെ സംഘർഷങ്ങൾ' എന്ന പഠനത്തിൽ.

ഭാരതീയതത്വചിന്തയുടെ ഭാഗമായ താന്ത്രികദർശനം ആവിഷ്കരിക്കുന്ന താന്ത്രിക ചിത്രകല ആധുനികരിൽ ഒരു സ്വാധീനമായി കടന്നുവരുന്നതിനെയാണ് ഡോ.താര എസ്.എസ്-ന്റെ 'താന്ത്രിക് ചിത്രകലയുടെ ദാർശനികതലം' പഠനവിധേയമാക്കുന്നത്. ചിത്രകലയിലെ സമകാലികതയുടെ സ്വഭാവങ്ങൾ അന്വേഷണ വിഷയമാക്കുകയാണ് 'സമകാലിക ചിത്രകല-അദൃശ്യസാന്നിധ്യങ്ങൾക്കൊരനുബന്ധം' എന്ന പ്രബന്ധത്തിൽ ഡോ. അജികുഴിക്കാട്. 'സാഹിത്യ ചിത്രണങ്ങൾ സർഗാത്മകതയുടെ വ്യവഹാരസാധ്യതകൾ' എന്ന പ്രബന്ധത്തിൽ രണ്ടാമൂഴം, ആടുജീവിതം എന്നീ പുസ്തകങ്ങളിലെ ചിത്രങ്ങളുടെ നൂതനതകൾ അവതരിപ്പിക്കുകയാണ് രജീഷ് മംഗലത്ത്. രാജാരവിവർമ്മയുടെ ചിത്രകലാലോകമാണ് 'Raja Ravi Varma and Colonial Eyeing' എന്ന പ്രബന്ധത്തിൽ വിശകലന വിധേയമാകുന്നത്.

മൊഴി :

മലയാളത്തിലെ ചെറുകഥാസാഹിത്യത്തെക്കുറിച്ചുള്ള പഠനങ്ങളാണ് ഡോ.എം.കൃഷ്ണൻ നമ്പൂതിരി, ദേവദാസ്, ഡോ. ദീപ ബി.എസ്., നിമ്മി എ.പി. എന്നിവരുടേത്. ഒ.വി. വിജയന്റെ കഥകളെ ഫോക്‌ലോർ അധിഷ്ഠിത വിശകലനത്തിന് വിധേയമാക്കുന്ന പഠനമാണ് ഡോ. എം. കൃഷ്ണൻ നമ്പൂതിരിയുടെ 'വിശ്വാസത്തിന്റെ ശ്രാദ്ധം'. വിജയന്റെ രചനാലോകം ഏതെങ്കിലും തരത്തിൽ ഫോക്‌ലൈഫിനെ അടയാളപ്പെടുത്തുന്നതാണെന്ന് ഈ പഠനം സൂചിപ്പിക്കുന്നു. ഭാഷയും വിഷയവുമായി സക്കറിയയുടെ കഥകൾ പുലർത്തുന്ന നിരന്തര സന്തുലിതത്വം സത്താശാസ്ത്രപരമായ സമീപനങ്ങളിൽ നിന്ന് ജ്ഞാനശാസ്ത്രപരമായ

സമീപനത്തിലേക്കുള്ള മാറ്റത്തിന്റെ ഘട്ടത്തിൽ സംഭവിച്ചതാണെന്നും, സത്താവാദപരമായ ആശയങ്ങളെ ഉപേക്ഷിക്കുകയും ജ്ഞാനശാസ്ത്രമണ്ഡലത്തിൽ അതിനെ വ്യാഖ്യാനിക്കാനുള്ള ശ്രമമാണ് ആ കഥകളിലെന്നും ദേവദാസ് സൂചിപ്പിക്കുന്നു.

ടി.പത്മനാഭന്റെ കഥാലോകം പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പ്രമേയപഠനത്തിന് പ്രാധാന്യം നല്കി വിശകലനം ചെയ്യുകയാണ് ഡോ. ദീപ.ബി.എസ്. പരമ്പരാഗതമായ കുടുംബവ്യവസ്ഥകളിൽ തളച്ചിടപ്പെട്ട സ്ത്രീയവസ്ഥകളുടെ പൂർണ്ണമായ പൊളിച്ചെഴുത്താണ് കെ.ആർ. മീര സ്വന്തം കഥകളിലൂടെ നിർവ്വഹിക്കുന്നതെന്ന നിഗമനത്തിൽ തെരഞ്ഞെടുത്ത ചില കഥകളുടെ വിശകലനത്തിലൂടെ നിമ്മി.എ.പി. ചെന്നെത്തുന്നു.

ഡോ.സന്തോഷ് മനിച്ചേരി, ഡോ.ഗംഗാദേവി, ധന്യ എസ്.പണിക്കർ എന്നിവരുടെ പഠനങ്ങൾ മലയാളത്തിലെ ഉത്തരാധുനികകവിതയെക്കുറിച്ചാണ്. സച്ചിദാനന്ദൻ, എ.അയ്യപ്പൻ മുതലായ കവികൾ എൺപതുകളിലും തൊണ്ണൂറുകളിലും കാവ്യഭാഷയിലും കാവ്യസങ്കല്പങ്ങളിലും സൃഷ്ടിച്ച പുതുമകളുടെ തുടരെഴുത്തായി സെബാസ്റ്റ്യന്റെ കവിതകളെ അടയാളപ്പെടുത്തുകയാണ് 'വീടും പ്രണയവും സെബാസ്റ്റ്യന്റെ കവിതകളിൽ' എന്ന പഠനത്തിൽ ഡോ. സന്തോഷ് മനിച്ചേരി. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും ജാതിയുടെ ഉച്ചനീചത്വങ്ങളും അനുഭവിച്ച ഒരു തലമുറയിൽനിന്ന് സുഖഭോഗങ്ങളുടെ നടുവിൽ കഴിയുന്ന തലമുറയിലേക്ക് വന്നപ്പോൾ ഉത്തരാധുനികകവിതക്ക് അടിമുടി ഉണ്ടായമാറ്റത്തെ, രാജേഷ് ചിത്തിര എന്ന പുതുതലമുറകവിയുടെ കവിതകൾ വിശകലനംചെയ്ത് അവതരിപ്പിക്കുകയാണ് ഡോ. എം. ഗംഗാദേവി. ധന്യ എസ്. പണിക്കരുടെ പഠനം പരിസ്ഥിതി, സ്ത്രീയനുഭവം, ദളിത് പരിപ്രേക്ഷ്യം, പ്രാദേശികത മുതലായ പരിപ്രേക്ഷ്യങ്ങൾ പുതിയ കവിതയുടെ പ്രധാനപ്രവണതകളായി അവതരിപ്പിക്കുന്നു.

നോവൽ പഠനങ്ങളാണ് ഷെറീനാറാണി ജി.ബി, ഉദയൻ എസ് എന്നിവരുടേത്. ശാസ്ത്രനേട്ടങ്ങൾ നന്മയ്ക്കുവേണ്ടിമാത്രം ഉപയോഗിക്കണം എന്ന ആശയം പങ്കുവക്കുന്ന ഇന്ദുഗോപന്റെ 'ഐസ് $196^0$ സെൽഷ്യസ്' എന്ന നോവലിൽ നാനോടെക്നോളജിയുടെ വിപുലമായ സാധ്യതകൾ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു എന്ന അന്വേഷണമാണ് ഷെറീനാറാണിയുടെ പഠനം. 'ആരാച്ചാർ' എന്ന നോവലിൽ പ്രണയവും ചരിത്രവും അധികാരവും വിപണിയും എങ്ങനെ മരണംകൊണ്ട് നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു എന്നും മരണത്തിന്റെ ദാർശനികമാനവും

ദൃശ്യകലാസ്ഥിത്വവും എങ്ങനെ അനാവരണം ചെയ്യപ്പെടുന്നു എന്നും 'ആരാച്ചാരിലെ മരണഭാവന' എന്ന പഠനം അന്വേഷിക്കുന്നു.

കവിത്രയകാലകവിതയെക്കുറിച്ചുള്ള വ്യത്യസ്തമായ പഠനങ്ങളാണ് 'കാഴ്ചയുടെ പുല്ലിംഗപാഠം', 'സ്ത്രൈണത: ഉപരോധവും ആവിഷ്കാരവും' എന്നിവ. നവോത്ഥാനമൂല്യങ്ങൾക്ക് കാഴ്ചയനുഭവനിഷ്ഠമായ ഒരു കോയ്മയുണ്ടെന്നും അത് പുരുഷാധികാരപരമാണെന്നും ആ പുരുഷാധികാരത്തോടൊപ്പം നില്ക്കാൻ അത് വായനക്കാരെ പ്രേരിപ്പിക്കുന്നുണ്ടെന്നും ആശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നിവരുടെ കൃതികളുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുകയാണ് ഹരിദാസ്.കെ. സംസ്കാരത്തിന്റെ വൈകൃതങ്ങളോടും സ്ത്രീവിരുദ്ധതയോടും പരിഹാസപൂർവ്വം കലഹിക്കുന്ന ഏകാകിനിയായി കുമാരനാശാന്റെ 'ലീല'യെ വായിച്ചെടുക്കുകയാണ് ഡോ. നിഷാ ഫ്രാൻസിസ്.

ഏ.ആർ. രാജരാജവർമ്മയുടെ സാഹിത്യസംഭാവനകൾ വിലയിരുത്തുന്നവയാണ് 'ഏ.ആർ.ന്റെ കാന്താരതാരകങ്ങൾ', 'സാഹിത്യസാഹ്യം: മലയാളഗദ്യത്തിന്റെ മാനിഫെസ്റ്റോ' എന്നീ പഠനങ്ങൾ. അവതാരികകളേയും മുഖവുരകളേയും മുൻനിർത്തി ഏ.ആർ. ന്റെ സാഹിത്യപക്ഷവും വിമർശനദൗത്യവും അന്വേഷിക്കുന്ന ശ്രീജ ജെ.എസ്. ന്റെ പഠനം മലയാള ഭാഷയിലും സാഹിത്യത്തിലും ആധുനികവും ഉത്തരാധുനികവുമായ പല പ്രവണതകളുടേയും തുടക്കക്കാരനായി ഏ.ആർ.നെ അടയാളപ്പെടുത്തുന്നു. മലയാള ഗദ്യസാഹിത്യം ബാലാരിഷ്ടതകളിൽ തപ്പിത്തടഞ്ഞകാലത്ത് അതിനെ നിലവാരപ്പെടുത്തുക എന്ന ശ്രമത്തിന്റെ ഭാഗമായി രചിക്കപ്പെട്ട 'സാഹിത്യസാഹ്യം' എന്ന ഗ്രന്ഥത്തിന്റെ പ്രാധാന്യം എടുത്തു കാട്ടാനാണ് ‘'സാഹിത്യസാഹ്യം മലയാള ഗദ്യത്തിന്റെ മാനിഫെസ്റ്റോ' എന്ന പഠനത്തിൽ ശ്രമിക്കുന്നത്.

പുതിയ പാഠ്യപദ്ധതി –വിശേഷിച്ചും അതിലെ ഭാഷാപഠനം– പരാജയമായി വിലയിരുത്തപ്പെട്ടതിന്റെ കാരണങ്ങൾ കൃത്യമായി അവതരിപ്പിക്കുകയും അതിന്റെ ഗുണപരമായ മാറ്റങ്ങളെ അടയാളപ്പെടുത്തുകയും ചെയ്യുന്ന മുഹമ്മദ് ബഷീറിന്റെ പഠനം; കലാലയങ്ങളിലെ ഭാഷാപഠനം വിദ്യാലയങ്ങളിലെ ഭാഷാപഠനത്തിന്റെ തുടർച്ചയോ വളർച്ചയോ അല്ല മറിച്ച് പതനമാണെന്ന് വിലയിരുത്തുകയും സൗന്ദര്യശാസ്ത്രത്തിനും സാമൂഹ്യശാസ്ത്രത്തിനും പ്രാധാന്യം നല്കുന്ന ഒരു പാഠ്യപദ്ധതി കലാലയങ്ങളിൽ രൂപപ്പെടേണ്ടതുണ്ടെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

ഉപരിവർഗസ്ത്രീകൾപോലും പ്രകടിപ്പിക്കാത്ത സദാചാരബോധം പ്രകടിപ്പിക്കുന്ന വടക്കൻപാട്ടുനായിക പൂമാതൈപൊന്നമ്മയുടെ

സൈഥര്യം കീഴാളരുടെ കരുത്തിന്റേയും പ്രതിരോധത്തിന്റേയും ചിഹ്നമായി വായിക്കുന്ന ഡോ. സുധീർകുമാറിന്റെ പഠനം ആ പാട്ടിലെ ചരിത്ര സത്യങ്ങളും അന്വേഷിക്കുന്നുണ്ട്. ചിന്ത, ഭാഷ, സാഹിത്യം എന്നിവ ഒറ്റക്കും ഒന്നുചേർന്നും ജീവിതത്തിന്റെ താളക്രമത്തെ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള മൗലികമായ നിരീക്ഷണങ്ങൾ ഡോ. ഇ.എസ്. റഷീദ് തന്റെ പ്രബന്ധത്തിലവതരിപ്പിക്കുന്നു. മലയാള സാഹിത്യവിമർശനരംഗത്തെ അതിശുഷ്കമായ സ്ത്രീപ്രാതിനിധ്യം വിശകലനവിധേയമാക്കുകയാണ് 'പാണ്ഡിത്യത്തിന്റെ നാൾവഴികളും മലയാള വിമർശനരംഗത്തെ സ്ത്രീപ്രാതിനിധ്യവും' എന്ന പഠനത്തിൽ രോഷ്നി കെ.ലാൽ.

'ഭാഷയിലെ പ്രയോഗങ്ങളും ചിലതെറ്റിദ്ധാരണകളും' എന്ന പ്രബന്ധത്തിൽ ഭാഷയുടെ സ്വത്വത്തെ നിർണയിക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്ന കാരകാർത്ഥപ്രയോഗങ്ങളെ പഠനവിധേയമാക്കുകയും, അവയെക്കുറിച്ചുണ്ടായിട്ടുള്ള വ്യത്യസ്താഭിപ്രായങ്ങളുടെ സാധുത്വം പരിശോധിച്ച് യുക്തിപൂർവ്വമായ നിഗമനത്തിലെത്തിച്ചേരുകയുമാണ് ഡോ.എൽ. അലക്സ്. സംഘംകൃതികളിലെ പദങ്ങൾക്ക് മലയാളവുമായാണ് കൂടുതൽ ബന്ധം എന്നതിന് ഒട്ടേറെ തെളിവുകൾ നിരത്തിക്കൊണ്ട് അവയിലെ ഭാഷ മലയാളത്തിന്റെ പ്രാക്തനതക്ക് തെളിവാണ് എന്ന നിഗമനത്തിലെത്തിച്ചേരുകയാണ് മിഥുൻ കെ.എസ് 'ചില മലനാട്ടു പദങ്ങൾ' എന്ന പ്രബന്ധത്തിൽ. പൊന്തൻമാട, തകരച്ചെണ്ട, ഏഴുദേശങ്ങൾക്കുമകലെ എന്നീ സിനിമകളെ ആധാരമാക്കി കേരളത്തിലെ ഭൂപരിഷ്കരണ നിയമത്തിന്റെ പോരായ്മകളെക്കുറിച്ച് പഠിക്കുകയാണ് ഡോ. രാജേഷ് എം.ആർ. 'ദലിതരും ഭൂമിയുടെ രാഷ്ട്രീയവും' എന്ന പ്രബന്ധത്തിൽ.

ഈ സമാഹാരത്തിലെ ഓരോ പ്രബന്ധവും ഉൾവഹിക്കുന്നതെന്ത് എന്നതിന് ഒരു സൂചന മാത്രമാണ് ഈ കുറിപ്പ്. ഉൾപ്പേജുകളിലെ വാക്കുകൾ അവസാനവാക്കുകളല്ല. ആകാനും പാടില്ല. പുതിയ ചിന്തകൾക്കും അന്വേഷണങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കും ഉള്ള ഇടങ്ങൾ അവയിൽ നിന്ന് കണ്ടെടുക്കപ്പെടട്ടെ.

**എം. രാമചന്ദ്രൻ പിള്ള**

ഇഷ്യൂ എഡിറ്റർ